# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 176**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

സഭയിലെ വൈദികർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആരോഗ്യപരമായ ആവശ്യങ്ങളിൽ സാമ്പത്തിക സഹായം ഉറപ്പാക്കുന്നതിനായി സഭ നടപ്പിലാക്കിയിട്ടുള്ള വൈദിക മെഡിക്കൽ ഇൻഷുറൻസ് പദ്ധതി സഭയുടെ നിർണായകവും അനിവാര്യവുമായ ഒരു സേവനമാണ്. ഇന്നത്തെ കാലഘട്ടത്തിൽ മരുന്നുകളുടെയും ആശുപത്രി, ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സാ ചെലവുകൾ കുടുംബങ്ങൾക്ക് താങ്ങാൻ കഴിയാത്ത വിധം ഉയർന്നിരിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ, നമ്മുടെ വൈദികരെയും അവരുടെ കുടുംബങ്ങളെയും കരുതുക എന്നത് സഭയുടെ കടമയും ഉത്തരവാദിത്തവുമാണ്.

ഈ സാഹചര്യങ്ങൾ വിലയിരുത്തി, 2026 ജനുവരി 20 ന് കൂടിയ ബഹുമാനപ്പെട്ട എപ്പിസ്കോപ്പൽ സിനഡ്, നിലവിലെ ചികിത്സാചെലവുകളുടെ വർദ്ധനവ് പരിഗണിച്ചുകൊണ്ട്, സഭാ കൗൺസിലിന്റെ ശുപാർശ പ്രകാരം നിലവിലെ മെഡിക്കൽ ഇൻഷുറൻസ് പദ്ധതിയുടെ സബ്സ്ക്രിപ്ഷൻ നിരക്ക് 4% എന്നത് 2026 ഏപ്രിൽ 1 മുതൽ 5% ആയി പരിഷ്കരിക്കണമെന്ന് തീരുമാനിച്ചു. കഴിഞ്ഞ 10 വർഷത്തിനുശേഷം ആദ്യമായാണ് ഈ നിരക്ക് പരിഷ്കരിക്കുന്നത്. എല്ലാ ഇടവകകളും സ്ഥാപനങ്ങളും 2026 ഏപ്രിൽ മുതൽ ഇതിനാവശ്യമായ ബജറ്റ് ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

ഇതനുസരിച്ച് 2026 ഏപ്രിൽ 1 മുതൽ ഓരോ പട്ടക്കാരനും തങ്ങളുടെ അടിസ്ഥാന ശമ്പളത്തിന്റെ 5% വും, അച്ചന്മാർ ശുശ്രൂഷ ചെയ്യുന്ന ഇടവക/സ്ഥാപനം തങ്ങളുടെ അടിസ്ഥാന ശമ്പളത്തിന്റെ 5% വും വരിസംഖ്യയായി ചികിത്സാ സഹായ നിധിയിലേക്ക് പ്രതിമാസം അടയ്ക്കേണ്ടതാണ്. സാലറി അഡ്ജസ്റ്റ്മെന്റ് ഫണ്ടിൽ നിന്നും പട്ടക്കാർക്ക് ശമ്പളം നൽകുന്ന ഭദ്രാസനങ്ങളും തങ്ങളുടെ വിഹിതം അടയ്ക്കേതാണ്. ഈ ചികിത്സാ സഹായ നിധിയിലേക്ക് ഇന്ത്യയ്ക്ക് വെളിയിലുള്ള ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന പട്ടക്കാർ തങ്ങൾക്ക് ലഭ്യമാകുന്ന അലവൻസുകൾ ഉൾപ്പടെയുള്ള മുഴുവൻ ശമ്പളത്തിന്റെ 2% തുക അടയ്ക്കേണ്ടതാണ്. റിട്ടയർ ചെയ്തവരും, രോഗഗ്രസ്ഥരായി വിശ്രമിക്കുന്നവരുമായ പട്ടക്കാരുടെ പെൻഷൻ/അലവൻസിന്റെ 4% കുറവ് ചെയ്ത് പെൻഷൻ/അലവൻസ് നൽകുന്നതായിരിക്കും.

വരിസംഖ്യ എല്ലാ മാസത്തിന്റെയും അവസാന തീയതിക്ക് മുമ്പായി സഭാ ഓഫീസിൽ അടയ്ക്കേണ്ടതാണ്. വരിസംഖ്യ മുൻകൂറായും അടയ്ക്കാവുന്നതാണ്. സഭാ വെബ്സൈറ്റിൽ ഉള്ള ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ സൗകര്യം ഉപയോഗിച്ചും വരിസംഖ്യയും മറ്റ് തുകകളും അടയ്ക്കാവുന്നതാണ്. സജീവ സേവനത്തിലുള്ള എല്ലാ പട്ടക്കാരും ഈ ചികിത്സാ സഹായ പദ്ധതിപ്രകാരം തങ്ങളുടെ വിഹിതം നിർബന്ധമായും അടയ്ക്കേണ്ടതാണ്. കുടിശ്ശിക ഇല്ലാതെ കൃത്യമായി വരിസംഖ്യ അടയ്ക്കുന്ന പട്ട ക്കാർക്ക് മാത്രമേ ഈ പദ്ധതിയിൽനിന്നും സഹായധനം ലഭിക്കുകയുള്ളു എന്നും ഓർമ്മിപ്പിക്കുന്നു. ആയതിനാൽ വരിസംഖ്യ ക്രമമായി അടയ്ക്കുന്നതിൽ പട്ടക്കാരും ചമതലക്കാരും പ്രത്യേകം ശ്രദ്ധിക്കണം

നിലവിലെ ഇൻഷുറൻസ് ആനുകൂല്യങ്ങളായ, ഔട്ട്-പേഷ്യന്റ് (OP) ചികിത്സയ്ക്ക് 50,000 രൂപയും ഇൻ-പേഷ്യന്റ് (IP) ചികിത്സയ്ക്കായി 3,00,000 രൂപയും, വൈദികർക്കും കുടുംബാംഗങ്ങൾക്കും ഓരോ വർഷവും ലഭിക്കുന്നതാണ്.

നമ്മുടെ വൈദികരുടെയും അവരുടെ കുടുംബങ്ങളുടെയും ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ഈ പദ്ധതിയിൽ എല്ലാവരുടെയും പൂർണ്ണ സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു.

നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ,

എന്ന് ക്രിസ്താബ്ദം 2026 ഫെബ്രുവരി 07-ാം തീയതി തിരുവല്ലാ പുലാത്തീനിൽ നിന്നും

Theodosius - Metropolitan

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 176**

*Blessings to all the Vicars, resident clergy, trustees and members of all the parishes under our authority.*

Beloved in the Lord,

The Clergy Medical Aid Scheme implemented by the Church to ensure financial assistance for the medical needs of our clergy and their family members is a vital service of the Church. In the present times, the cost of medicines, hospitalization, surgeries, and other medical treatments has increased to a level that many families find difficult to afford. In such circumstances, it is both the duty and responsibility of the Church to care for our clergy and their families.

After reviewing the present situation, the honorable Episcopal Synod, which met on 20 January 2026, taking into account the steady increase in medical expenses and based on the recommendation of the Sabha Council, has decided to revise the subscription rate of the existing Medical Insurance Scheme from 4% to 5% with effect from 1 April 2026. This is the first revision in the past ten years. All parishes and institutions are requested to make the necessary changes in the budget from April 2026 onwards.

Accordingly, with effect from 1 April 2026, each clergy shall contribute 5% of his basic salary, and the parish/institution where he serves shall also contribute 5% of his basic salary as monthly subscription to the Medical Aid Fund. Dioceses that disburse salaries to clergy from the Salary Adjustment Fund shall remit their respective share accordingly. Clergy serving in parishes outside India shall remit 2% of their total salary, including allowances, to the Medical Aid Scheme. In the case of retired clergy and those on medical leave due to illness, 4% of their pension/allowance shall be deducted and remitted before disbursing the pension/allowance.

The subscription amount shall be remitted to the Sabha Office on or before the last day of every month. Advance payment of subscription is also permitted. Payments may be made through the online transfer facility available on the Church website. All clergy in active service are required to remit their contribution under this Medical Aid Scheme without fail. It is reminded that only those clergy who remit their subscription regularly and without arrears shall be eligible to receive assistance under this scheme. Therefore, clergy and those responsible are requested to ensure prompt and regular payment of subscriptions.

Under the existing insurance benefits, 50,000 per year is available for Out-Patient (OP) treatment and 3,00,000 per year for In-Patient (IP) treatment for clergy and their family members.

We look forward to the wholehearted cooperation of all in this scheme aimed at ensuring the health security of our clergy and their families.

May the grace of our Lord Jesus Christ be with you all.

Dated 7th February 2026 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan**